# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2082

17.06.2014 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഓരോ നിയോജക മണ്ഡലത്തിലും സഹകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യുക്കേഷൻ (CAPE) അതാതു പ്രദേശങ്ങളുടെ സ്ഥിതിക്കനുസൃതമായി സഹകരണ മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇപ്രകാരം ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ബി) പുതിയതായി തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നിയോജക മണ്ഡലത്തിലും, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലും കേപ്പിന്റെ നേതൃത്വത്തിൽ ഓരോ എൻജിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിലെ ആറൻമുള നിയോജക മണ്ഡലത്തിൽ ആറന്മുള എൻജിനീയറിംഗ് കോളേജ് 2014-15 ൽ പ്രവർത്തനം ആരംഭിക്കും. മണലൂർ നിയോജക മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന്റെ കീഴിൽ ഫാർമസി കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. കേപ്പിന് കീഴിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേപ്പിനു കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ

| | |
|---|---|
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ | കൊല്ലം |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്താനാപുരം | പത്തനാപുരം |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ | കടുതുരുത്തി |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര | കുറ്റ്യാടി |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി | തലശ്ശേരി |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ | തൃക്കരിപ്പൂർ |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറൻമുള | ആറൻമുള (ഈ വർഷം മുതൽ) |
| കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര | അമ്പലപ്പുഴ |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി പുന്നപ്ര | അമ്പലപ്പുഴ |
| കിംമ്പ്, ഫിനിഷിംഗ് സ്കൂൾ, പുന്നപ്ര | അമ്പലപ്പുഴ |